# കുറ്റവാളി

മുന്നിൽ വച്ച കടലാസ്സുകളിൽ ഒപ്പിട്ട് നൽകി , നൽകിയ സാധനങ്ങളും പൈസയും ഏറ്റു വാങ്ങുമ്പോൾ വിശ്വം ഭരന്റെ കണ്ണുകൾ നിറഞ്ഞത് സൂപ്രണ്ട് കണ്ടു , കസേരയിലേയ്ക്ക് ചായ്ഞ്ഞിരുന്ന് , കഷണ്ടി തല തലോടി പുഞ്ചിരിയോടെ അദ്ദേഹം പറഞ്ഞു

“ ഈ ഭൂമിയിൽ ജനിക്കുമ്പോഴും , മരിക്കുമ്പോഴും മനുഷ്യൻ കരയാറുണ്ടെന്ന് കേട്ടിട്ടുണ്ട്...ജയിലും അത് ഒരു പോലാടാ...ഇവിടെ വരുമ്പോ കരഞ്ഞോണ്ട് വരും , കുറച്ച് കാലം കഴിഞ്ഞ് പോകുമ്പോഴും ചിലർ ഇങ്ങിനെ കരയുന്നത് കാണാം , പോകുന്നതിന്റെ സന്തോഷാമാണെന്നാണു കരുതാറു ...പക്ഷെ ഞാൻ ഇതിനെ ഒരു മരണമായി കാണണം എന്നാണു പറയാറുള്ളത് ..കുറ്റവാളിയുടെ ..., ഇവിടെ വരുമ്പോൾ ഒരു കുറ്റവാളി ജനിക്കുന്നു, പോകുമ്പോൾ മരിക്കുന്നു ...ഇനി ഒരിക്കലും നീ ഇവിടെ ജനിക്കരുത് ...കുറ്റവാളിയായി..മനസ്സിലായോ...”
സ്വതവേ ഉള്ള നിസ്സം ഗതയോടേ അയാൾ തലയാട്ടി ..

“ കള്ളും കഞ്ചാവും ഒക്കെ ഇനി തുടങ്ങരുത് ...ഈ ശിക്ഷയൊന്നുമല്ല ...സ്വന്തം അച്ഛനെ കൊന്നവനുള്ള ശാപം ഒരു പാട് വലുതാ ... പോയി നന്നായി ജീവിക്കു...”

ആ ഓർ മ്മപ്പെടുത്തലിനും അയാൾ തലയാട്ടി ..പുറത്തേയ്ക്ക് നടന്നു ..

ഗോവിന്ദേട്ടന്റെ വാക്കുകൾ ഓർ ത്തു ..ഇരട്ട കൊലപാതകത്തിനു ഇരട്ട ജീവപര്യന്തം അനുഭവിക്കുന്ന ആ ജയിലിലെ തന്നെ ഏറ്റവും പ്രായമായ ആൾ , കരുതിയ അത്രയും ക്രൂരത ഒരിക്കലും കണ്ടിട്ടില്ലാത്തതു കൊണ്ട് ഏകാന്ത തടവിൽ നിന്ന് രണ്ട് വർഷം കഴിഞ്ഞപ്പോൾ മാറ്റി , അവിടെയെത്തി സഹ തടവുകാരനെ പരിചയപ്പെടുമ്പോൾ  പത്തു വർ ഷം കഴിഞ്ഞിരുന്നു അവിടെയെത്തിയിട്ട്..

“ കാലം മാറുന്നുണ്ട്...അത് ഇവിടേയും അറിയുന്നു ...പഴയ പോൽമെ അല്ല ...വാർഡന്മാരും സൂപ്രണ്ടും ഒക്കെ ഹ്യദയമുള്ള മനുഷ്യന്മാരാണെന്ന് മനസ്സിലാക്കൻ പറ്റും ഇപ്പൊഴുള്ള പെരുമാറ്റം കണ്ടാൽ ....അല്ല ..നമുക്കത് പ്രതീക്ഷിക്കാൻ ആകില്ല ..നമുക്കതില്ലാത്തതു കൊണ്ടല്ലെ ഇവിടെ വരേണ്ടീ വന്നത് ..”

അയാൾ നടന്നു .. പ്രധാന ഗേറ്റിന്റെ അപ്പുറത്തെ മെയിൻ റോഡിൽ എത്തിയാലെ ബസ്സ് കിട്ടൂ...ആരെങ്കിലും കൂട്ടാൻ വരുമോ എന്ന പലരുടേയും ചോദ്യത്തിനു പറയാൻ കയ്യിൽ വ്യക്തമായ ഒരു മറുപടി ഇല്ലാത്തതു കൊണ്ട് ഒന്നും മിണ്ടിയില്ല ...അങ്ങിനെ വരാൻ കഴിയുന്ന ആളുകൾ അല്ലല്ലോ , ഒരാഴ്ച മുൻപും വന്നിരുന്ന കത്തിൽ ചേച്ചി പറഞ്ഞത് , നേരെ അങ്ങോട്ട് എത്താനാണു ...ജോലി തിരക്കിൽ എത്താൻ അളിയനു കഴിയില്ലെന്നും ...അതെ ..അതിന്റെ ആവശ്യമില്ലല്ലോ..,
അറിയാത്ത വഴിയല്ല ..
അതറിഞ്ഞപ്പോഴും ഗോവിന്ദേട്ടൻ പറഞ്ഞു

This document was created using Smart PDF Creator
To remove this message purchase the product at www.SmartPDFCreator.com

“ നിൻെറ ഭാഗ്യം ...ഇവിടെ നിന്നിറങ്ങി ഒരിക്കലും അന്വേഷിച്ച് വരരുതേ എന്ന് കരുതുന്ന മക്കളും ബന്ധുക്കളേയുമേ ഞാൻ കൂടുതലും കണ്ടിട്ടുള്ളൂ..പ്രത്യേകിച്ചും....” അപൂർണ്ണമായ ആ നിറുത്തലിനു പിന്നിലെ ബാക്കി അയാൾ മനസ്സിൽ ഓർ ത്തു ..

“ കൊലപാതകം ..അതും സ്വന്തം അച്ഛനെ വെട്ടി നുറുക്കി , ചാക്കിലാക്കി , തെരുവു നായ്ക്കൾക്ക് ഇട്ടു കൊടുത്തു , പോലിസ്സ് അറെസ്റ്റ് ചെയ്യുമ്പോഴും ബോധമുണ്ടായിരുന്നില്ല ..കഞ്ചാവ്...!”

ഗോവിന്ദേട്ടനെ ഒന്നു കൂടി കാണണം എന്ന് തോന്നി , പിന്നെ സെല്ലിനു പുറത്ത് കാണുന്ന മരത്തിൽ വന്നിരിക്കുന്ന മഞ്ഞ നിറമുള്ള പക്ഷിയേയും ..സ്നേഹിക്കാനും , കാത്തിരിക്കാനും പഠിപ്പിച്ച രണ്ട് പേർ ...കണ്ടില്ല ..വിശ്വംഭരൻ എന്ന കുറ്റവാളി മരിച്ചിരിക്കുന്നു , ഇനി അയാൾക്ക് ജയിൽ എന്ന ലോകത്തിൽ ഇപ്പൊ സ്ഥാനമില്ല ..പിന്നിൽ തലയുയർ ത്തി നിൽക്കുന്ന കെട്ടിടങ്ങളെ കണ്ടു...പിന്നെ അവ ദൂരേയ്ക്ക് പതിയെ മറയുന്നതും ...
ഒന്ന് ഓടാൻ അയാൾക്ക് കൊതി തോന്നി , അതു വരെ കാലുകൾക്കുണ്ടായിരുന്ന അദൃശ്യമായ ചങ്ങലകൾ അഴിച്ചു മാറ്റപ്പെട്ടിരിക്കുന്നു ..എതിരെ കടന്നു പോയ കണ്ണുകളിലെ അത്ഭുതം അതിൽ നിന്നും പിന്തിരിപ്പിച്ചു ...കൈകാണിച്ചപ്പോൾ നിറുത്തിയ ഒരു ബസ്സിൽ കയറി ഇരുന്നു ...നഗരത്തിലേയ്ക്ക് അധിക ദൂരമില്ലെങ്കിലും ഒഴിഞ്ഞു കിടന്ന ഒരു സീറ്റിൽ ഇരുന്നു ...

ഓടി മറയുന്ന കാഴ്ചകളിൽ ഒരിക്കൽ കൂടി ഉറപ്പിച്ചു ..ഗോവിന്ദേട്ടൻ പറഞ്ഞതു ശരിയാണു ..മാറ്റങ്ങളുണ്ട്, എല്ലായിടത്തും , കാഴ്ചകളിൽ അതു പ്രകടം , പിന്നെ അനുഭവത്തിലും ...അല്ലെങ്കിൽ അളിയൻ ..??!!!...

ആരേയും പറഞ്ഞിട്ട് കാര്യമില്ല ..ജനിച്ചപ്പോൾ തന്നെ തള്ളയേ കിടപ്പിലാക്കിയവൻ .. എന്താണസുഖം എന്നറിയില്ല ..അമ്മ തള ർ ന്നു കിടന്നു , എട്ട് വയസ്സോളം മൂത്ത ചേച്ചിയായിരുന്നു , അമ്മയും ചേച്ചിയും ഒക്കെ ..ഇടയ്ക്ക് പണി സ്ഥലത്തു നിന്ന് വന്നു പോയിരുന്ന അച്ഛൻ , അമ്മ കിടപ്പിലായതോടെ , കുറച്ച് പൈസ അയക്കും ...വന്ന് അടുത്ത് കാണുമ്പോഴൊക്കെ കുടിച്ച് കണ്ണു ചുവന്ന് , കൊമ്പൻ മീശയുമായിരുന്ന ആളെ പരിചയക്കുറവോ , പേടിയോ അറിയില്ല , അടുത്ത് പോകാറില്ല..ആദ്യം വിളിച്ചിരുന്നു ..പിന്നെ വിളിക്കാതെയായി...പിന്നെ ഒരു ബന്ധവുമില്ലാതെ ..കാണുന്നതും മിണ്ടുന്നതും ഒക്കെ ഇഷ്ടമില്ലാതെ ..അച്ഛൻ ആരെന്ന് തിരിച്ചറിവു വന്ന കാലത്ത് ,അച്ഛനു മകനേ വേണ്ടാതായി..ശത്രുക്കളായി ...

ചേച്ചി നിർ ബന്ധിച്ചതു കൊണ്ട് മാത്രമാണി സ്കൂളിൽ പോയത് , അതും ഒന്നും പഠിക്കാനായല്ല ..അവൾക്കൊരു കൂട്ട്..ചിലപ്പോഴൊക്കെ , അമ്മയ്ക്ക് കാവലിരിക്കും ,അല്ലെങ്കിൽ അവൾക്ക് പോകാനാവില്ല.. അധികം സം സാരിക്കാത്ത , എന്തും ചോദിച്ചാലും മറുപടി പറയാതത ഒരു കുട്ടിയെ ആരും കൂട്ടുകാരനാക്കിയില്ല, ശിഷ്യനായും കണ്ടില്ല... ഒരിക്കലും ജനിക്കാൻ പാടില്ലെന്ന്

This document was created using Smart PDF Creator
To remove this message purchase the product at www.SmartPDFCreator.com

തോന്നിയിട്ടുണ്ട്...അന്യനാണു ഈ ലോകത്തിനു മുഴുവൻ ...സം സാരിക്കാൻ വയ്യാത്തതു കൊണ്ട് സ്നേഹമാണോ വെറുപ്പാണോ എന്നറിയാത്ത അമ്മ , ജനിപ്പിച്ചതു കൊണ്ട് മാത്രം ഇഷ്ടം കാണിക്കാൻ ശ്രമിച്ചിട്ട് ഉപേക്ഷിച്ച അച്ഛൻ ...അവൾ , ചേച്ചി , അവൾ മാത്രം ...എന്തെന്നറിയില്ല...അതു കൊണ്ട് തന്നെയാണു , അവളോട് ഇഷ്ടം കാണിച്ച ഒരാളെ തനിയ്ക്ക് ഇഷ്ടപ്പെടാൻ കഴിയാതിരുന്നത് ...അന്ന് അവൾ ആദ്യമായി തള്ളി പ്പറഞ്ഞപ്പോൾ സങ്കടം തോന്നി , എത്ര എന്നറിയില്ല... ലഹരിയ്ക്ക് സങ്കടങ്ങളെ മറക്കാൻ സഹായിക്കാനുള്ള കഴിവുണ്ടെന്ന് ആരോ പറഞ്ഞത് കേട്ട് , ശീലിച്ചതും ..

ബസ്സ് നഗരത്തിലെ സ്റ്റാൻഡിൽ നിന്നു , യാത്രക്കാരിൽ ഭൂരിഭാഗവും നഗരത്തിലെ പല സ്റ്റോപ്പുകളിലായി ഇറങ്ങി ..അയാൾക്ക് ആ നഗരത്തിൽ ഒന്നും ചെയ്യാനോ മറ്റാരേയോ കാണാണൊ ഇല്ലാത്തതു കൊണ്ട് , ചേച്ചിയുടേ നാട്ടിലേയ്ക്കുള്ള ബസ്സ് കിട്ടുന്ന സ്റ്റാൻഡിൽ ഇറങ്ങി ..രണ്ട് കുട്ടികളാണു, ചേച്ചിയ്ക്ക് ...അയാൾ ഇറങ്ങി , സ്റ്റാൻഡിലനരുകിലെ സ്റ്റാളിൽ നിന്ന് രണ്ട് പാക്കറ്റുകളിലായി കുറച്ചു , ഓറഞ്ചും മുന്തിരിയും വാങ്ങി ..തിരിച്ചു വന്ന് പുറപ്പെടാൻ ഒരുങ്ങി നിൽക്കുന്ന ബസ്സിലേയ്ക്ക് കയറി ...അധികം ആളുകൾ ഇല്ല, ഇനി ഒർ തവണ നഗര പ്രദക്ഷിണം കഴിഞ്ഞെ അത് അവിടെ നിന്ന് യാത്രയാകൂ, അപ്പോഴേയ്ക്കും ആളുകൾ നിറയും ..അയാൾ പുറകിലെ സീറ്റിൽ അരികിൽ ഇരുന്നു ...

എപ്പോഴും അങ്ങിനെ ആകാനാണു ആഗ്രഹിച്ചിരുന്നത് , അല്ലെങ്കിൽ ക്ഴിഞ്ഞിരുന്നത് , ഏറ്റവും പിന്നിൽ , ഒരിക്കലും , ഇല്ലാതെ , ആൾ കൂട്ടത്തിലും ആരാലും കാണാതിരിക്കുമ്പോ , അദൃശ്യനായിരിക്കുമോ എന്നോർ ത്ത് ആദ്യം സങ്കടപ്പെട്ടിട്ടുണ്ട്..ചിലപ്പോഴൊക്കെ അത്ഭുതവും.. പിന്നെ അത് ശീലമായി,,അത് മാത്രമാണു ശീലവും ..അല്ലെന്ന് തോന്നിച്ചത് ഗോവിന്ദേട്ടനാണു ...

മൗനം രണ്ട് പേരുടേയും ഉപാസനാ മൂർത്തിയാണെന്നറിഞ്ഞപ്പോഴുണ്ടായ ഒരു തരം കീഴടങ്ങൽ ...ചോദിക്കാതിരിക്കാൻ കഴിഞ്ഞില്ല ..

" എങ്ങിനെ ഗോവിന്ദേട്ടൻ , പത്തു വർഷത്തോളം പണിയെടുത്തിരുന്ന വീട്ടിലെ മുതലാളിയേയും ഭാര്യയേയും ..?"

ലോകത്തിലെ എന്തിനെ പറ്റിയും മറുപടി പറഞ്ഞു തന്നിരുന്ന ആ മനുഷ്യൻ ആ ചോദ്യത്തിനു മുന്നിൽ പകയ്ക്കുന്നത് കണ്ടു ..., അപ്പോഴേയ്ക്കും വ്യക്തമായി അറിയാമായിരുന്നു അയാൾക്കൊരിക്കലും അതിനു കഴിയില്ലെന്ന്..

പതിയെ പറഞ്ഞു തുടങ്ങിയ വാക്കുകളെ എന്നത്തേയും ഉപരി ശ്രദ്ധിച്ചു

" ഈ ചോദ്യം ഞാൻ ഒരു പാട് കേട്ടിരുന്നു ..മറുപടി ..നമ്മുടെ രണ്ടാളുടേയും ഭാഷയിൽ അവസാനിപ്പിച്ചു മിരുന്നു..നീ പക്ഷെ ..."

This document was created using SmartPDF Creator. To remove this message purchase the product at www.SmartPDFCreator.com

അതെ താൻ ഗോവിന്ദേട്ടനു മുന്നിൽ വന്നു പെട്ട ഒരു മണ്ടനായിരുന്നല്ലോ...ലോകത്തെ ക്കുറിച്ചൊന്നും അറിയാത്ത ...

" സ്വപ്നം കാണുന്നതു കൊണ്ട്..അല്ലെങ്കിൽ കണ്ടിരുന്നതു കൊണ്ട്.."

മനസ്സിലായില്ലെന്ന് മുഖഭാവത്തിൽ നിന്നു ഗ്രഹിച്ചതു കൊണ്ട് തുടർ ന്നു..

" ഇരു പത്തി നാലാമത്തെ വയസ്സിൽ അച്ഛനായ , ഒരു ഗതികേടു കാരണു , പ്രതീക്ഷിക്കാനും , സ്വപ്നങ്ങൾ കാണാനും പഠിപ്പിക്കുന്നത് ..ഉണ്ടായ മകനാണൂ ...അച്ഛനായിരുന്നില്ല ഞാൻ ..കൂട്ടുകാരൻ ..താഴെ ഒരു പെൺ കുട്ടിയുണ്ടായപ്പോഴും ..അവനു പത്തു വയസ്സുള്ളപ്പോഴാണു ഞാൻ ആ വീട്ടിൽ ആദ്യമായി ഡ്രൈവർ ആയി എത്തുന്നത് ..എൻെറ ബുദ്ധിമുട്ടുകൾ അറിയുന്നതു കൊണ്ടാവാം അവൻ നന്നായി പഠിച്ചത് ..അ, വൻെറ കഴിവു കണ്ട് അവർ പഠിപ്പിക്കാനുള്ള ചിലവു തന്നത് ...മാസത്തിൽ ഇടയ്ക്ക് അച്ഛനെ കാണാൻ വരുമ്പോൾ അവനു വീട്ടിലേയ്ക്കും അവനുമുള്ള പൈസയെക്കാളുപരി എൻെറ ആഗ്രഹം അവനെ കാണാൻ ..ഇടയ്ക്ക് ഓടി  പോയി കാണുമ്പോൾ എനിക്ക് കണ്ട് മതിയായിരുന്നില്ല ,  ഭാര്യയെ , മകനെ , പിന്നെ ഉണ്ടായ മകളെ... ഡിഗ്രി പൂർത്തിയാക്കിയ അവൻ അതിനു മുൻപ് എഴുതിയ പരീക്ഷയിലെപ്പോഴോ കിട്ടിയ ഒരു സർക്കാർ ജോലിയുടെ ഉത്തരവുമായി എന്നെ കാണാൻ വന്നത് ..അവൻെറ പ്രായത്തിൻെറ ആകാംക്ഷയോ , അല്ലെങ്കിൽ സ്വരചേർച്ച യില്ലാത്ത ദാമ്പത്യത്തിൻെറ ഫലമോ ..കയറി പോയ മുതലാളി ..സ്വന്തം ഭാര്യ ..പണിക്കാരൻെറ ഇത്തിരി പോലുമില്ലാത്ത മകൻെറ കൂടെ.. അയാൾ ഭാര്യെ തീർത്തു „പിന്നെ എൻെറ മകൻെറ നേരെ..കരച്ചിൽ കേട്ട് ചെന്നപ്പോൾ ..എനിക്ക് വേറേ വഴിയില്ലായിരുന്നു..."

ഗോവിന്ദേട്ടൻ കിതച്ചു

അച്ഛൻെറ സ്നേഹം ..ബന്ധങ്ങൾ കടപ്പാട്.. അറിയില്ലെങ്കിലും കേട്ടിരുന്നു..

" മകനോട് പൊയ്ക്കോളാൻ പറഞ്ഞു ..അച്ഛനെ മേലിൽ കാണാനൊ മിണ്ടാനോ ശ്രമിക്കരുതെന്നും , അമ്മയോറ്റും അനിയത്തിയോറ്റും പറയരുതെന്നും  പറഞ്ഞ് ....അൽപം കഴിക്കുമായിരുന്ന ഞാൻ ഒരു പാട് കഴിച്ചു ...എവിടെയും പോകാതെ ഔട്ട് ഹൗസിൽ കിടന്നു...പോലിസ്സിനു പ്രതിയെ ആവശ്യമായിരുന്നു – ഞാൻ എല്ലാം സമ്മതിച്ചു ..."

ചോദിക്കാതിരിക്കാൻ കഴിഞ്ഞില്ല
" അവരിപ്പോ..?"

" സുഖമായി കഴിയുന്നുണ്ട്...പക്ഷെ ഒരിക്കലും പുറത്തറിയരുത് ..അവൻെറ ജോലി , പിന്നെ കൊലപാതകിയായ ഒരച്ഛൻെറ മകൾക്ക് വിവാഹം നടക്കില്ല....ചിലപ്പോൾ അവനും ...നീറി കഴിയാവും അവൻ...പിന്നെ എൻെറ ഭാര്യ..."

This document was created using Smart PDF Creator
To remove this message purchase the product at www.SmartPDFCreator.com

വിശ്വൻ പിന്നേയും ഒന്നും സം സാരിക്കുന്നത് കാണാഞ്ഞപ്പോൾ അയാൾ തന്നെ സം സാരിച്ചു ..

“ ഇവിടെ വന്നപ്പോൾ ഓരോ ദിവസവും എണ്ണുകയായിരുന്നു , നിന്നെ പ്പോലെ ..പക്ഷെ ഇപ്പോ..!”

അതെന്തെന്ന് അറിയാനെന്നവണ്ണം മുഖത്തേയ്ക്ക് നോക്കിയപ്പോൾ പറഞ്ഞു ..

“ എന്നെ എല്ലാവരും  വെറുത്ത് തുടങ്ങിയിരിക്കും ...എല്ലാവരും ...അതല്ലേന്ന് പറഞ്ഞു മനസ്സിലാക്കിയാൽ അവനെ വെറുക്കും...വെണ്ടാ , ഈ ജീവിതം ഇവിടെ തീരട്ടേ..”

അത് ഒട്ടും മനസ്സിലായില്ല
“ അപ്പോ ശിക്ഷ കഴിഞ്ഞാലും..??”
മുഖത്തുണ്ടായ പുഞ്ചിരി പരിഹാസമല്ലെന്ന് തിരിച്ചറിഞ്ഞു ..ഒരു തരം സ്വയം വേദനിക്കുന്നത് ..

“ ഇവിടെ ഈ മതിൽ കെട്ടിൽ കുറച്ച് നാൾ കഴിഞ്ഞാൽ ...എല്ലാം ഒരു ശീലമാകും , യാതാർഥ്യത്തെ മനസ്സിലാക്കും ...ഇവിടെ വിരലിൽ എണ്ണാവുന്ന വാർഡനമാരെ ഉള്ളൂ, ഈ മതിൽ കെട്ടാണു ലോകം , നിബന്ധനകളുണ്ടെങ്കിലും കയറി കിടക്കാനൊരിടമുണ്ട്..പുറത്തിറങ്ങിയാൽ ഈ ലോകം മുഴുവൻ നമുക്കിനി ജയിലാണു , എണ്ണിയാലൊടുങ്ങാത്ത വാർഡന്മാരും ...എല്ലാ നിമിഷവും ശിക്ഷകളെ ഉണ്ടാവൂ..പക്ഷെ കയറി കിടക്കാൻ ഒരു സ്ഥലം പോലുമില്ലാതെ ...”

പറഞ്ഞതിൽ ഒടുവിലത്തേത് കാര്യമായി മനസ്സിലായില്ലെങ്കിലും കേട്ടിരുന്നു , ഓർ ത്തു വെച്ചു ..., പലപ്പോഴും ആലോചിച്ചു ..

തൊട്ടടുത്തിരുന്ന ആളെ വിശ്വൻ സൂക്ഷിച്ചു നോക്കി , ഇയാൾ തന്നെ ശ്രദ്ധിക്കുന്നുവോ , കൊലപാതകി ..ജയിൽ ശിക്ഷ കഴിഞ്ഞ് ഇറങ്ങിയത് ..ഇല്ല ..അയാൾ ഉറക്കം തൂങ്ങുന്നു..പക്ഷെ തൊട്ടപ്പുറത്തെ ആൾ നോക്കുന്നുണ്ട്..,അയാൾക്ക് ഒരു വാർഡന്റെ മുഖച്ഛായ തോന്നി , വിശ്വൻ പെട്ടെന്ന് മുഖം തിരിച്ച് പുറത്തേയ്ക്ക് നോക്കിയിരുന്നു ...

അമ്മ മരിച്ചത് ഇപ്പോഴും ഓർ ക്കുന്നുണ്ട് ..ചേച്ചി അലമുറയിട്ട് കരഞ്ഞത് , അച്ഛന്റെ കണ്ണുകൾ ഒരു പാട് ചുവന്നിരുന്നതും , പത്താം ക്ലാസ്സ് കഴിഞ്ഞ് അവൾ പഠിക്കാൻ പോകാതിരുന്നതും , ഒരു തുള്ളി കണ്ണീർ പോലും പൊഴിക്കാത്ത അച്ഛനെ ക്കുറിച്ച് ആളുകൾ അടക്കം പറയുന്നതും അതേ പോലെ മകളെയും മകനേയും നോക്കാനായി അവിടെ തന്നെ കൂടിയ അയാളെ  നല്ലതു പറയുന്നതും ...

This document was created using Smart PDF Creator
To remove this message purchase the product at www.SmartPDFCreator.com

നിത്യവും രാത്രി ഉമ്മറത്തു വന്ന് കിടന്ന് , എപ്പോഴോ എഴുന്നേറ്റ് പോകുന്ന , അധികം സംസാരിക്കാത്ത , ഒരാളെ എന്തിനാണെന്ന് ചിന്തിച്ചിട്ടുണ്ട്..പിന്നെ മറ്റേതോ സ്ത്രീയുടെ കൂടെ യാണെന്ന് അറിഞ്ഞ് ചേച്ചി കരയുന്നതു കണ്ടപ്പോൾ ഒരു പാട് ദേഷ്യവും ...

പണിയ്ക്ക് പോയി തിന്നാൻ കൊടുക്കേണ്ട കാര്യമില്ല , അവൻ ആണല്ലെ എവിടെയെങ്കിലും പോയി ജീവിക്കട്ടേ എന്ന് പറഞ്ഞ് പലപ്പോഴും വഴക്കുണ്ടാക്കാൻ വന്നപ്പോഴൊക്കെ കൊല്ലാൻ തോന്നിയതാണു .. അവളുടെ കണ്ണീരും , പിന്നെ ചെറുപ്രായവും ..അവളോട് സ്നേഹമായിരുന്നു , അതു കൊണ്ടാണല്ലോ , ശ്രദ്ധയും , ഇടയ്ക്കെങ്കിലും ഉള്ള വരവും ...

അവളെ ഒരാൾക്കും അവൾക്കും അയാളെ ഇഷ്ടമാണെന്നറിഞ്ഞപ്പോൾ വന്ന് വഴക്കുണ്ടാക്കിയത് ഇപ്പോഴും ഓർ മ്മയുണ്ട്.. ഒരു പാട് തല്ലി , എത്ര എതിർ ത്തിട്ടും അവൾ സമ്മതിച്ചില്ല ...പക്ഷെ അത് തനിയ്ക്കും ഇഷ്ടമായിരുന്നില്ല ..കൂട്ടുകാർ പലരും പറഞ്ഞതിനെക്കാൾ അവളെ ചതിക്കുമോ , അല്ലെങ്കിൽ അവളെ നഷ്ടപ്പെടുമോ എന്ന ചിന്തയായിരുന്നു ...അന്നാണു അവൾ പറഞ്ഞത് ..“ “ എത്ര സ്നേഹിച്ചാലും നീയും അച്ഛനെ പ്പോലെയാ...എനിക്ക് കാണേണ്ടാ..”

ചങ്കു പൊട്ടി ക്കരഞ്ഞിട്ടും അവൾ കേട്ടില്ല.കണ്ടില്ല ...

അവളെ അയാൾ തന്നെ വിവാഹം കഴിച്ചു ..ജയിലിൽ വന്നതിനു ശേഷം ...ഒരിക്കലും കാണാൻ വന്നില്ലെങ്കിലും ഇടയ്ക്ക് വരുന്ന ചേച്ചിയുടെ കത്തുകളിൽ വിവരങ്ങൾ അറിയാറുണ്ട്..ഒടുവിലത്തേതിൽ എവിടേയും പോകരുത് അങ്ങോട്ട് വരണം എന്നെഴുതിയത് കാണിച്ചപ്പോൾ ഗോവിന്ദേട്ടൻ മൗനം പാലിച്ചു ..അതെ .. ബന്ധങ്ങളെയും അവസ്ഥകളേയും വിശകലനം ചെയ്തു തരുന്ന ആൾ അതിനുമുന്നിൽ മിണ്ടാതിരുന്നു ..അതു കൊണ്ടാണു പറഞ്ഞത് ..ഭാഗ്യവാനാണെന്ന്..

ബസ്സ് പെട്ടെന്ന് നിന്നു, ഉറക്കം തൂങ്ങിയിരുന്ന ആളുടെ തല അയാളുടെ ദേഹത്തിടിച്ചു , രണ്ടു പേരും ഉണർന്നു ..ഒരാൾ ചിന്തകളിൽ നിന്നും , മറ്റേയാൾ ഉറക്കത്തിൽ നിന്നും ...

അടുത്തുള്ള കുറിക്കമ്പനിയിലാണു അളിയനു ജോലി, കഴിഞ്ഞു പോകാമെന്നതേ ഉള്ളൂ..ഈ ജീവിതത്തിൽ ഇനി തനിയ്ക്ക് ഒന്നും വേണ്ട ... എന്തിനു സ്വന്തമായി..? , ഒരു നല്ല അനിയനായി , അമ്മാവനായി , അവരുടെ കാര്യങ്ങളെ സഹായിച്ച് , ബാക്കിയുള്ള ജീവിതം തീർക്കണം , അവരുടെ കൂടേ , ... ഒരു ജോലി കണ്ട് പിടിക്കണം , കൂലിപ്പണിയാനെങ്കിലും മിച്ചം വെച്ച് മരുമക്കളുടെ പേർക്ക്..അവരുടെ ജീവിതം , വിവാഹം , കുട്ടികൾ ....അതെ തനിയ്ക്ക് ഒന്നും നഷ്ടപ്പെട്ടിട്ടില്ല..അല്ലെങ്കിലും ഒരു കുറ്റവാളി എന്ന പേർ കിട്ടിയില്ലെങ്കിലും ഒരിക്കലും ഒരു വിവാഹ ജീവിതം സ്വപ്നം കണ്ടിട്ടില്ല ..ഗോവിന്ദേട്ടൻെറ വാക്കുകളിൽ ചിലപ്പോഴൊക്കെ ആ അവസ്ഥ കാണാൻ ശ്രമിക്കാറുണ്ടേങ്കിലും ...!!ഇനിയത്

This document was created using Smart PDF Creator
To remove this message purchase the product at www.SmartPDFCreator.com

തീരേയും സാധ്യമല്ല..അതും അദ്ദേഹം തന്നെ ബോധ്യപ്പെടുത്തിയിട്ടുള്ളതാണു ...അയാൾ തനിയെ ചിരിച്ചു , പെട്ടെന്ന് തന്നെ ചുറ്റും നോക്കി ...ആരെങ്കിലും കാണുണ്ണൂണ്ടോ...??

വീടിനു മുന്നിൽ എത്തിയപ്പോൾ ഒന്ന് അമ്പരക്കാതിരുന്നില്ല ,പഴയ വീടല്ല ...മുൻ വശം കോൺക്രീറ്റ് ആക്കിയിരിക്കുന്നു , അയാൾ ബെല്ല് അടിച്ചു ..വാതിൽ തുറന്ന് നോക്കിയത് അളിയനാണു ..

വിശ്വൻ ചിരിച്ചു ...

അപരിചതത്വം പെട്ടെന്ന് അത്ഭുതമോ ദേഷ്യമോ ഒക്കെ ആയി മാറുന്നത് പോലെ ...

“ ആ ..ഇരിക്കൂ...ഞാൻ അവളെ വിളിക്കാം ..”
സിറ്റൗട്ടിലെ കസേരയിലേയ്ക്ക് ചൂണ്ടിയതു പോലെ തോന്നി ...
ഉള്ളിലെ ആർ ത്തി അടക്കി പ്പിടിച്ചാണു ഇരുന്നത് ..ചിലപ്പോൾ ചേച്ചി കുളിക്കുകയോ മറ്റോ ..എന്നാലും കുട്ടികൾ , എല്ലാ കത്തുകളിലും അവർ മാമനെ തിരക്കി എന്ന് പറയാറുള്ളതാണു ..അയാൾ ചുറ്റും കണ്ണോടിച്ചു ..., അകത്തിനുള്ളിൽ വരുന്ന ശബ്ദത്തിൽ പെട്ടെന്ന് ശ്രദ്ധിച്ചു ..

“ എന്താ ഇവിടെ ...?? ഒരു വിധം മാനവും മര്യാദയും ആയി കഴിയുന്നുണ്ട് ഇപ്പോ , ഒരു പെൺകുട്ടി വളർ ന്നു വരുന്നു , പിന്നെ മകനും ... എന്ത് വിശ്വസിച്ചിട്ട്..ജയിലൊക്കെ ഒരു പാട് കാലം കിടന്ന ആളുകളാകുമ്പോ...ഞാൻ സമ്മതിക്കില്ല..എന്നെ ഇഷ്ടമായിരുന്നില്ലല്ലോ തന്തയ്ക്കും മകനും ...ഒടുവിൽ ഞാനെ ഉണ്ടായുള്ളൂ..കള്ളും കഞ്ചാവുമായി , രണ്ടും കൂടി തല്ലുകൂടി , മകൻ തന്തയെ കൊന്ന് ജയിലിൽ പോയപ്പോൾ..നീ പറയണൊ ..അതോ ...??”

ഒരിക്കലും ജയിലിൽ പോയി കാണാൻ സമ്മതിച്ചിട്ടില്ല...ഇനി ഒരിക്കലും കാണില്ലല്ലോ എന്ന് കരുതിയിട്ടാണു കത്തെഴുതിയിരുന്നതും , , പിന്നെ ആ അനിയനു ലോകത്തു മറ്റാരുമില്ലെന്നറിയുന്നതു കൊണ്ടും ..ശബ്ദം പുറത്ത് കേൾക്കാതെ ഏങ്ങലടിച്ചു കരഞ്ഞു അവൾ ..

“ വേണ്ട...ഞാൻ തന്നെ പറയാം..”

പുറത്ത് വന്ന് നോക്കിയപ്പോൾ ആരുമില്ല ..രണ്ട് പാക്കെറ്റുകൾ ഇരിക്കുന്നു ..തുറന്നു നോക്കിയപ്പോൾ കുറച്ച് ഓറഞ്ചും മുന്തിരിയും ..അത് നെഞ്ചോട് ചേർത്ത് അവൾ പൊട്ടിക്കരഞ്ഞു

“ വിശ്വാ ..മാപ്പ്..., അച്ഛനായിട്ട് നശിപ്പിക്കാൻ ശ്രമിച്ച ഒരു പെണ്ണിനെ രക്ഷിച്ചിട്ട്, സ്വന്തം ജീവിതം നഷ്ടപ്പെടുത്തിയിട്ടും ..അവൾക്ക് നല്ലൊരു ജീവിതം കിട്ടിയിട്ടും , ഇന്ന് ഇറങ്ങി പോകാൻ പറയേണ്ടി വന്നതിനു ”

This document was created using Smart PDF Creator
To remove this message purchase the product at www.SmartPDFCreator.com

This document was created using
Smart PDF Creator
To remove this message purchase the
product at www.SmartPDFCreator.com